വാനില കൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

5 (*464) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നിലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുഗന്ധദ്രവ്യങ്ങൾ ഉല്പാദിപ്പിക്കാനുള്ള അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന എത്തെല്ലാം കൃഷികളാണ് സംസ്ഥാനത്ത് കൃഷി ചെയ്യപ്പെടുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ബി) വാനിലകൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഏത് പ്രദേശത്താണ് വാനില കൂടുതലായി കൃഷി ചെയ്യപ്പെടുന്നത് എന്ന് വെളിപ്പെടുത്താമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ,

(എ) ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഏലം, ഗ്രാമ്പു, ജാതി, വാനില, കറുവപ്പട്ട, എന്നീ കൃഷികളാണ് സംസ്ഥാനത്ത് സുഗന്ധദ്രവ്യങ്ങൾ ഉൾപാദിപ്പിക്കുന്നതിനായി കൃഷി ചെയ്യപ്പെടുന്നത്.

(ബി) ഉണ്ട്. വാനില കൃഷി വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മാക്രോമാനേജ്മെന്റ് പദ്ധതിപ്രകാരം നടപ്പുവർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കാനാണ് വിനിയോഗിക്കുന്നത്. 2002-03-ൽ ഇതിനായി വകയിരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സർക്കാർ ഫാമുകളിൽ വാനിലയുടെ നാടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. നടീൽ വസ്തുക്കൾ 25% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശ്യം. കൂടാതെ അടൂർ താലൂക്കിലെ കർഷകരെ ഉൾപ്പെടുത്തി കൊണ്ട് പ്രസ്തുത തുലക്കിലെ സഹകരണസംഘങ്ങളുടെയും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെയും സംയുക്തസഹകരണത്തോടെയും നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്, നബാർഡ്, ജില്ലയിലെ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയും നടപ്പാക്കുന്നതിനായി ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇപ്പോൾ ഇത് നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡിന്റെയും നബാർഡിന്റെയും പരിഗണനയിലാണ്.

(സി) ഇപ്പോൾ സംസ്ഥാനത്ത് കോട്ടയം, ഇടുക്കി, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് വാനില കൂടുതലായി കൃഷിചെയ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly